## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 60 08.06.2015 - ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

**ചോദ്യം**
**ശ്രീ. പി. ഉബൈദുള്ള**

**ഉത്തരം**
**ശ്രീ. ഉമ്മൻചാണ്ടി**
**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ കണക്കുകൾ വിശദമാക്കാമോ ; | (എ) | സെക്രട്ടേറിയറ്റിൽ 2015 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് 1,22,668 ഫയലുകൾ തീർപ്പാക്കാതെയുണ്ട്. |
| (ബി) | ഇ.ഫയലിംഗ് സമ്പ്രദായം വന്നതിനുശേഷം ഫയൽ തീർപ്പാക്കുന്നതിൽ എന്തെങ്കിലും പുരോഗതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഫയൽ തീർപ്പാക്കൽ പുരോഗതി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഫയൽ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ? | (സി) | ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**